പോലീസിന്റെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കാനും നിഷ്പക്ഷമായി പ്രവർത്തിപ്പിക്കാനുമുള്ള നടപടികൾ

52 [53] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിലെ രാഷ്ട്രീയവൽക്കരണം അവസാനിപ്പിക്കാനും നിഷ്പക്ഷമായി പ്രവർത്തിപ്പിക്കാനും വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പോലീസിൽ സ്വതന്ത്ര പ്രവർത്തനത്തിന്റെ മറവിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിഹരിക്കാൻ എന്തെല്ലാം പ്രായോഗിക നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പോലീസ് രാഷ്ട്രീയ വിമുക്തമാണ്. പോലീസ് നിഷ്പക്ഷവും നീതിയുക്തവുമായാണ് പ്രവർത്തിച്ചുവരുന്നത്. ഇതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകുന്നുണ്ട്.

(ബി) പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) അന്വേഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പോലീസ് സേനയുടെ നവീകരണം

53 [54] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളും നടപടികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എന്നേക്ക് നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ നവീകരണത്തിനായി വിവിധ പദ്ധതികൾ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം പ്രകാരം നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിൻ പ്രകാരം വിവിധ ജില്ലകളിൽ പോലീസ് സ്റ്റേഷനുകൾ, സി. ഐ. ഓഫീസുകൾ, സബ് ഡിവിഷണൽ ഓഫീസ് കെട്ടിടങ്ങൾ, ഡി. പി. ഒ./സി. പി. ഒ. ഓഫീസുകൾ, വനിതാ പോലീസുകാർക്ക് വിശ്രമമുറി, എ. ആർ./എ. പി. ബറ്റാലിയൻ ക്യാംപുകളിൽ ബാരക്കുകൾ തുടങ്ങിയവ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പി. സി./എച്ച്. സി., എ. എസ്. ഐ., എസ്. ഐ., സി. ഐ. എന്നീ ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സുകളും നിർമ്മിച്ചുവരുന്നു. സംസ്ഥാന പോലീസ് സേനയ്ക്കാവശ്യമായ വിവിധയിനം വാഹനങ്ങൾ വാങ്ങിയുണിറ്റിലേക്ക് നല്കി വരുന്നു. പോലീസ് സേനയ്ക്കാവശ്യമായ ആയുധങ്ങൾ, ആധുനിക വയർലെസ് ഉപകരണങ്ങളും മറ്റ് അനുബന്ധ സാമഗ്രികളും, ട്രെയിനിംഗ് ഉപകരണങ്ങൾ, ഫോട്ടോഗ്രാഫിക് ഉപകരണങ്ങൾ എന്നിവ വാങ്ങി വിതരണം ചെയ്യുന്നു. റയട്ട് കൺട്രോൾ ഉപകരണങ്ങൾ, എസ്. ബി. സി. ഐ. ഡി., സി. ബി. സി. ഐ. ഡി., ട്രാഫിക് സേന എന്നിവയ്ക്ക് ആവശ്യമായ ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നു.

(ബി) 2000—2005 കാലയളവിലേക്കുള്ള പോലീസ് നവീകരണപദ്ധതിയാണ് നടപ്പിലാക്കിവരുന്നത്.

പോലീസ് വെടിവെയ്പും ലാത്തിച്ചാർജ്ജും

54 [55] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2003 ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര പോലീസ് വെടിവയ്പുകളും ലാത്തിച്ചാർജ്ജുകളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വെടിവയ്പിൽ മരിച്ചവരുടേയും ലാത്തിച്ചാർജ്ജിൽ പരിക്കേറ്റവരുടേയും എണ്ണം വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നടന്ന പോലീസ് വെടിവയ്പുകളെയും ലാത്തിച്ചാർജ്ജിനെയും കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly